# കേരളസർവകലാശാല

നം.പി.ആർ.180/2022

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി .എഡ് പ്രവേശനം 2022

### ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയുടെ 2022-23 അദ്ധ്യയന വർഷത്തിലെ ബി.എഡ് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനും പ്രൊഫൈലിൽ മാറ്റം വരുത്തുന്നതിനും ആഗസ്റ്റ് 26-ാം തീയതി വരെ അവസരം ഉണ്ടായിരിക്കും. മാറ്റങ്ങൾ വരുത്തുന്നവർ പുതിയ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

### ബി.ടെക് പരീക്ഷ

കേരളസർവകലാശാലയുടെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ് ഒന്നാം സെമസ്റ്റർ ബി.ടെക് (2020 സ്കീം) പരീക്ഷ 2022 സെപ്റ്റംബർ 16 മുതൽ ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

### പിഎച്ച്.ഡി. നൽകി

രമ്യ ആർ. (ജിയോളജി) അനിൽ കുമാർ നായർ, വാണിദേവി പി.ടി. (സൈക്കോളജി) ദീപ്തി സൈമൺ (ഡെന്റിസ്ട്രി) മായ ബാബു ബി.പി., സജീവ് കുമാർ ബി., ജോമ ജോസഫ്, മനു എം. (കൊമേഴ്സ്) അജയകുമാർ എസ്., ജിനു ജി.വി., സഫീദ് ആർ., സീമ എസ്.എൽ. (ഹിസ്റ്ററി) ജയ്സൺ ജേക്കബ് വർഗീസ് (സുവോളജി) ദിവ്യ വി.ജി., ജൂബി അലക്സ്, സജിനി ഡീന മാത്യു (മലയാളം) ബേബി കെ., ഡെൽഫിൻ സുനിത വി. (തമിഴ്) ഷെമീർ എച്ച്. (അറബിക്) ക്രിസ്റ്റി ജെയിംസ് ജോസ് (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്) അഞ്ചു എസ്. (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്) ബിനിൽ കുമാർ എം.ആർ. (ഇംഗ്ലീഷ്) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
25.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**